(എ) കണ്ടം എലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് പൂട്ടിയിട്ട ഇപ്പോൾ എത്ര നാളായി ;

(ബി) ഈ കമ്പനിയിൽ ഗവണ്മെൻറിനു എത്ര ശതമാനം ഷെയറുകൾ ഉണ്ട് ;

(സി) എന്തുകൊണ്ട് പൂട്ടിയിട്ടിരിക്കുന്നു?

ഉത്തരം

(എ) ആറുമാസത്തോളമായി.

(ബി) 9 ശതമാനം

(സി) നടത്തുന്നതിനു വേണ്ട പണമില്ലാത്തതുകൊണ്ട്.

ബഹുമുഖവിൽപ്പനനികുതി.

൫൨൨. [൨൨] ശ്രീ. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ മലംചരക്കുകളുടെ മേൽ (എള്ള്, ഇഞ്ചി, കശുമുളക്, പുൽതൈലം മുതലായവ) ബഹുമുഖ വിൽപ്പനനികുതി ഏർപ്പെടുത്തിയതു് എന്നുമുതൽക്കാണു് ;

(ബി) അതിൽനിന്നും ഒരോ ആണ്ടിലും ഉണ്ടായിട്ടുള്ള വരുമാനം എന്തു് ;

(സി) ഈ ബഡ്ജറ്റ് വർഷത്തിൽ പ്രതീക്ഷിക്കുന്ന ആദായമെന്തു്?

(ഡി) ഇതു് സിങ്കിംപോയിൻറ് ആക്കി മാറ്റിയാൽ വരുമാനത്തിൽ ഉണ്ടാകുന്ന വ്യത്യാസമെന്തു്?

ഉത്തരം.

(എ) ൨൨-൨൩-ൽ ൫൫.

(ബി) ൫൫ ൫൦. ൫൬-ൽ ൫൫, ൨൭,൨൦൦ ക.
൫൫ ൫൬-൫൭-ൽ ൨൨,൭൫, ൪൦൦ ക.

(സി) ൭,൦൭,൦൪൨ ക.

(ഡി) ൫,൭൫, ൦൦൦ ക.

മെഡിക്കൽ മന്ത്രി ആരംഭിച്ച ഫണ്ട്.

൫൭൫. [൭൫] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ മന്ത്രി ൫൭-൫൮-ൽ ആരംഭിച്ച ഫണ്ടിലേയ്ക്ക് എന്തു തുക പിരിഞ്ഞുകിട്ടി ; ഏവിടെനിന്നെല്ലാം ; സംഭാവന ചെയ്തവരുടെ പട്ടിക വിവരിക്കുമോ ;

(ബി) ഈ തുക എന്താവശ്യത്തിനായി ചെലവായി?

LIBRARY ARCHIVES Kerala Legislative Assembly